<u>സാമൂഹ്യനീതി ഡയറക്ടറുടെ നടപടി ക്രമങ്ങൾ</u>
(ഹാജർ: എം.അഞ്ജന IAS)

ഉത്തരവ് നം. SJD/4215/2021-C1

തിരുവനന്തപുരം,
തീയതി. 06/01/2022

---

വിഷയം: സാ.നീ.വ- പ്രൊബേഷൻ & ആഫ്റ്റർ കെയർ - ജില്ലാ പ്രൊബേഷൻ ഓഫീസ്,തിരുവനന്തപുരം- നേർവഴി പദ്ധതി 2021-22 - ജയിൽ തടവുകാർക്കുള്ള ജീവിത നൈപുണ്യ പരിശീലന പരിപാടി - പ്രൊപ്പോസൽ അംഗീകരിച്ച തുക അനുവദിച്ച ഉത്തരവാകുന്നു.

പരാമർശം : 1)സ.ഉ (സാധാ )നം 541/21/SJD തീയതി 05/08/21
2) സാ.നീ. ഡയറക്ടറുടെ 16/09/2021 തീയതിയിലെ SJD/689/21-C1 നം കത്ത്
3)തിരുവനന്തപുരം ജില്ലാ പ്രൊബേഷൻ ഓഫീസറുടെ
02/12/21 തീയതിയിലെ DPO/T/323/21 നം കത്ത്

വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന സാമൂഹ്യ പ്രതിരോധ നിയമമായ പ്രൊബേഷൻ ഓഫ് ഒഫെൻഡേഴ്സ് ആക്ട് 1958 ആധുനികവൽക്കരിച്ചും കൂടുതൽ കാര്യക്ഷമമായും നടപ്പിലാക്കുന്നതിന്റെ ഭാഗമായി ആവിഷ്കരിച്ച നേർവഴി പദ്ധതി നടപ്പുവർഷം തുടരുന്നതിനും ആയതിലേക്ക് 1,07,00,000/- രൂപ ഫണ്ട് അനുവദിച്ചും സർക്കാർ ഉത്തരവായിട്ടുണ്ട്. നേർവഴി പദ്ധതി പ്രധാനമായും ലക്ഷ്യമിടുന്നത് 18-30 വയസ്സിനിടയിൽ പ്രായമുള്ള കുറ്റാരോപിതരിൽ സൈക്കോ സോഷ്യൽ ഇന്റർവെൻഷൻ നടത്തി റെസിഡിവിസം കുറയ്ക്കുന്നതിനും അവരിൽ ലക്ഷ്യബോധം ഉണ്ടാക്കുകയും വ്യക്തിത്വവികസനം സാധ്യമാക്കി അവരെ പുനരുദ്ധരിക്കുകയുമാണ്. ആയതിലേക്കുള്ള ഒരു പ്രവർത്തനമെന്ന നിലയിൽ ടി ഉത്തരവിൽ കമ്പോണന്റ് നമ്പർ 16 ആയി Programme for beneficiaries including Literacy camps, IEC Board making, IEC materials എന്ന ഇനത്തിൽ 5 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലാ ജയിലിലെ തടവുകാർക്കായി രണ്ടുദിവസത്തെ ലൈഫ് സ്കിൽ പരിശീലന പരിപാടി നടത്തുന്നതിനുള്ള പ്രൊപ്പോസൽ അംഗീകാരത്തിനും ഫണ്ട് അനുവദിക്കുന്നതിനും ആയി പരാമർശം (3) പ്രകാരം തിരുവനനന്തപുരം പ്രൊബേഷൻ ഓഫീസർ ലഭ്യമാക്കിയിരിക്കുന്നു.

ഒരു വ്യക്തിയുടെ അറിവ് , ശേഷി, മനോഭാവം എന്നീ മൂന്ന് തലങ്ങളിലും ഗുണപരമായ മാറ്റങ്ങൾ ഉണ്ടാക്കുന്ന പെരുമാറ്റ വ്യതിയാന ഇടപെടലാണ് ജീവിത

നൈപുണ്യ പരിശീലനങ്ങൾ. ഓരോ വ്യക്തിയും കുടുംബത്തിൽ നിന്നും സമൂഹത്തിൽ നിന്നും കണ്ടും കേട്ടും അനുഭവിച്ചും ആണ് ഈ ശേഷികൾ നേടിയെടുക്കുന്നത് എന്നാൽ ശിഥിലമായ കുടുംബ സാമൂഹിക സാഹചര്യങ്ങളിൽപ്പെട്ടവരും ശരിയായ സാമൂഹ്യവൽക്കരണ പ്രക്രിയയിലൂടെ കടന്നുപോകാത്തവരിലും ജീവിത നൈപുണ്യങ്ങൾ പ്രത്യേക പരിശീലനപരിപാടിയിലൂടെ നൽകേണ്ടിവരുന്നു. ആയതിനാൽ തിരുവനന്തപുരം ജില്ലാ ജയിലിലെ തടവുകാർക്കായി രണ്ടുദിവസത്തെ ലൈഫ് സ്കിൽ പരിശീലനപരിപാടി നടത്താനാണ് തിരുവനന്തപുരം പ്രൊബേഷൻ ഓഫീസർ ഉദ്ദേശിച്ചിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു.

**ലക്ഷ്യം:**

1. തടവുകാർക്ക് ജീവിത നൈപുണ്യങ്ങൾ പരിചയപ്പെടുത്തുക.
2. പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ശരിയായ തീരുമാനം എടുക്കുന്നതിനും അവരെ പ്രാപ്തരാക്കുക.
3. വൈകാരിക മാനസിക സമ്മർദ്ദങ്ങളെ ഗുണപരമായി കൈകാര്യം ചെയ്യുന്നതിന് സഹായിക്കുക.
4. ജീവിതത്തിൽ ഒരു ലക്ഷ്യബോധം ഉണ്ടാക്കുക

**പ്രവർത്തനരീതി**

രാവിലെയും ഉച്ചയ്ക്കും ആയി രണ്ട് ബാച്ചുകളിലായി പരിശീലന പരിപാടി നടത്താനാണ് ഉദ്ദേശിക്കുന്നത്. ഈ മേഖലയിൽ വർഷങ്ങളുടെ പരിചയസമ്പത്തുള്ള **ദ ബ്ലൂ പോയിന്റ് ഓർഗ്** ടീം ആണ് ക്ലാസുകൾ കൈകാര്യം ചെയ്യുന്നത്.

**ധനകാര്യ വിശകലനം**

| | |
|---|---|
| ഹോണറേറിയം -റിസോഴ്സ് പേഴ്സൺ | - 4*1500*2= 12000 |
| ബാനർ | = 1500 |
| **ആകെ** | **=13,500/-രൂപ** |

പരാമർശം (3) പ്രകാരം പ്രൊബേഷൻ ഓഫീസർ സമർപ്പിച്ച പ്രൊപ്പോസൽ, തടവുകാരിൽ ഗുണപരമായ മാറ്റങ്ങൾ ഉളവാക്കുന്നതിനു അനുയോജ്യം ആകയാൽ ടി പ്രൊപ്പോസൽ അംഗീകരിച്ചും ആയതിലേക്ക് ആവശ്യമായ 13,500/- രൂപ (പതിമൂവായിരത്തി അഞ്ഞൂറ് രൂപ മാത്രം ) ഫണ്ട് തിരുവനന്തപുരം ജില്ലാ പ്രൊബേഷൻ ഓഫീസറുടെ പേരിൽ അനുവദിക്കുന്നതിന് അനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഇതിലേക്ക് ആവശ്യമായ തുക നടപ്പുസാമ്പത്തിക വർഷത്തെ 2235-02-106-93 (P) എന്ന

ശീർഷത്തിൽ നിന്നും വഹിക്കേണ്ടതാണ്. ടി പരിപാടി സംഘടിപ്പിച്ച ശേഷം തിരുവനന്തപുരം പ്രൊബേഷൻ ഓഫീസർ ആയതിന്റെ റിപ്പോർട്ട്, ധന വിനിയോഗ സർട്ടിഫിക്കറ്റ് എന്നിവ യഥാസമയം ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

M. ANJANA IAS
സാമൂഹ്യനീതി ഡയറക്ടർ

ജില്ലാ പ്രൊബേഷൻ ഓഫീസർ,
തിരുവനന്തപുരം

<u>പകർപ്പ് :</u>

1. ജില്ലാ സാമൂഹ്യ നീതി ഓഫീസർ,
   തിരുവനന്തപുരം
2. സൂപ്രണ്ട് ,എ ,ബി &പ്ലാനിംഗ് സെക്ഷൻ
3. സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്